കേരള സർക്കാർ

<u>സംഗ്രഹം</u>

വനം, വന്യജീവി വകുപ്പ് - മച്ചാട് റെയിഞ്ചിലെ 1945 - 46 അംപലപ്പാട്ട് , 1945 - 46 കുണ്ടുകാട്, 1946 -47 മച്ചാടി, 1946 - 47 അംബലപ്പാട്ട് എന്നിവയിലെ 12..2..96 ലെ പുനർ ലേലം - ഗസറ്റ് വിഞ്ജാപന തീയതിയും ലേലവും തമ്മിൽ ഇടവേള ഇല്ലാതെ ലേലം ചെയ്ത നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു

---

വനം, വന്യജീവി (ബി) വകുപ്പ്

ജി.ഒ. (ആർ. റ്റി.) 48/97/വനം. തിരുവനന്തപുരം. തീയതി 4..2..1997.

---

പരാമർശം .- ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11..6..96 ലെ സി5-21301/96 നംപർ കത്ത്.

## <u>ഉത്തരവ്</u>

തൃശ്ശൂർ ഡിവിഷനിലെ മച്ചാട് റെയിഞ്ചിൽപ്പെട്ട 1945-46 അംപലപ്പച്ച, 1945 -46 കുണ്ടുകാട്, 1946 - 47 മച്ചാടി, 1946 - 47 അംബലപ്പാട്ട് എന്നീ തോട്ടങ്ങളിൽനിന്നും കാറ്റത്തും മഴയത്തും വീണ തടിയും കഴകളും 6..5..95 ന് ലേലം ചെയ്തു. അന്ന് വില്ക്കാൻ ബാക്കി വന്ന വിഭവങ്ങൾ 28..7.95.. 24..11.95. .12.2.96 എന്നീ തീയതികളിലായി പുനർലേലം ചെയ്തു. ഇതിൽ 12.2.96 ലെ ലേലപരസ്യം സർക്കാർ ഗസറ്റിലും രണ്ട് മലയാള പത്രങ്ങളിലും പ്രസിദ്ധീകരിച്ചു. എന്നാൽ ഗസറ്റിലെ പരസ്യവും ലേല തീയതിയും തമ്മിൽ 6 ദിവസത്തെ ഇടവേള മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും സർക്കാരിന്റെ ഉത്തമ താത്പര്യം ലക്ഷ്യമാക്കി തൃശ്ശൂർ കൺസർവേറ്റർ ലേലം സ്ഥിരപ്പെടുത്തുകയുണ്ടായി. ഈ നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്. അതിന്റെ അടിസ്ഥാനത്തിൽ ഗസറ്റ് വിജ്ഞാപന തീയതിയും ലേലതീയതിയും തമ്മിൽ മതിയായ ഇടവേള ഇല്ലാതിരിക്കെ 12..2..96 ലെ ലേലം സ്ഥിരപ്പെടുത്തിയ തൃശ്ശൂർ ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി സാധുകരിച്ച് നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉതതരവിൻ പ്രകാരം)

രമണി എബ്രഹാം,
ജോയിയിന്റ് സെക്രട്ടറി ,

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.

**<u>മേലേഴുത്ത് നം. സി5/21301/96 (അ.തീ) തീയതി. 19..3..1997.</u>**

പകർപ്പ് 1) മദ്ധ്യമേഖല ഫോറസ്റ്റ് കൺസർവേറ്റർക്ക് (തൃശ്ശൂർ) അറിവിലേക്കായി (സൂചന. എ1-5052/95)

2) സ്റ്റോക്ക് ഫയലിലേയ്ക്ക് .

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സം) ക്കുവേണ്ടി..